

# അമേരിക്കൻ മലയാളിയുടെ ഓണം

മധുനായർ ന്യൂയോർക്ക്



ജാതിമതഭേദമെന്യേ മലയാളികൾ ലോകമെമ്പാടും ഓണം ആഘോഷിക്കുന്നു. ഈ ഉത്സവത്തിന്റെ സെക്യുലർസ്വഭാവം അമേരിക്കയിൽ വ്യക്തമായി ദർശിക്കാം. ഒന്നര ലക്ഷത്തോളം വരുന്ന അമേരിക്കൻ മലയാളികളിൽ ഹിന്ദുക്കൾ ന്യൂനപക്ഷമാണ്. പക്ഷേ ഓണം അമേരിക്കൻ നഗരങ്ങളിൽ ഒരു വ്രതം പോലെ ആഘോഷിക്കപ്പെടുന്നു. ചില ഓണക്കൂട്ടങ്ങളിൽ രണ്ടു ഡസനോളം ആളുകളേ പങ്കെടുത്തെന്നിരിക്കുകയുള്ളൂ. ന്യൂയോർക്കു പോലത്തെ വൻനഗരങ്ങളിൽ ഓണാഘോഷങ്ങൾക്ക് ആയിരങ്ങൾ പങ്കെടുക്കുന്നു.

ഐക്യനാടുകളിലെ അൻപതു സംസ്ഥാനങ്ങളിലും മലയാളികൾ എത്തിക്കഴിഞ്ഞു. അവിടെയെല്ലാം മാവേലിയും എത്തണമല്ലോ? ഗ്ലോബലൈസേഷന്റെ ഈ മുഖം മഹാനായ ആ അസുരചക്രവർത്തിക്ക് അരോചകമാവില്ല തന്നെ. ആയകാലത്ത് മൂന്നുലോകവും അടക്കിവാണ രാജാധിരാജനല്ലേ?

അമേരിക്കയിലേക്കു മലയാളികുടിയേറ്റം തുടങ്ങുന്നത് അറുപതുകളുടെ അവസാനമാണ്. നവീന അമേരിക്കയുടെ തുടക്കം കുറിച്ച ന്യൂയോർക്കുനഗരി തന്നെ ആദ്യകാലമലയാളിപ്രവാഹവും ഏറ്റുവാങ്ങി. അമേരിക്കൻമലയാളിയുടെ ആദ്യത്തെ ഓണാഘോഷവും ന്യൂയോർക്കിൽത്തന്നെ നടന്നതാവണം. വി.കെ കൃഷ്ണമേനോൻ പോലും പങ്കെടുത്ത ആ ഓണത്തിലെ മുഖ്യാതിഥി ഒരു കുറുപ്പായിരുന്നു. അന്നത്തെ ചരിത്രബോധം വച്ച് മലയാളികൾ തെരഞ്ഞുപിടിച്ച ആ ഏറ്റവും സീനിയർ മലയാളിപ്രവാസി ന്യൂയോർക്കിലെ ബ്രോങ്ക്സിലൊരു ചേരിയിൽ ഒരു നീഗ്രോ വൃദ്ധയുമായി സസുഖം വാഴുകയായിരുന്നു. പതിറ്റാണ്ടുകളായി മലയാളവും മറന്ന് കറുത്ത സായിപ്പായി കഴിഞ്ഞിരുന്ന കുറുപ്പിനെ മുണ്ടും ജുബ്ബായും ധരിപ്പിച്ച്